തിരുവനന്തപുരം സിറ്റി പോലീസ്

പത്രക്കുറിപ്പ്

# വിസ തട്ടിപ്പുകാരനായ തമിഴ്നാട് സ്വദേശി അറസ്റ്റിൽ

# കവർച്ചാ കേസ്സിലെ പ്രതി പിടിയിൽ

കോവിഡ്-19

## വിലക്ക് ലംഘനം: 84 പേർക്കെതിരെ നിയമനടപടി 31,500/- രൂപ പിഴ ഈടാക്കി

തിരുവനന്തപുരം :- വിസ തട്ടിപ്പുകാരനായ തമിഴ്നാട് സ്വദേശി പിടിയിലായതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. തമിഴ്നാട് കന്യാകുമാരി സ്വദേശി സുധീഷ് ക്രിസ്തുദാസ് (49) നെയാണ് ഫോർട്ട് പോലീസ് അറസ്റ്റ് ചെയ്തത്. ദുബായ് എയർപോർട്ടിൽ ജോലി തരപ്പെടുത്തിക്കൊടുക്കാം എന്നു വാഗ്ദാനം ചെയ്തു കൊണ്ട് കേരളത്തിലെ വിവിധ ഭാഗങ്ങളിൽ നിന്നും ധാരാളം പേരുടെ കൈയ്യിൽനിന്നും ലക്ഷക്കണക്കിനു രൂപ വാങ്ങിയിട്ട് രണ്ടുവർഷം മുൻപ് (2018 മുതൽ) ഒളിവിൽ പോയ വിസ തട്ടിപ്പുകാരനാണ് ഇപ്പോൾ അറസ്റ്റിലായത്. ഇയാളെ ചെന്നൈ ബോർഡറിലെ കുണ്ടറത്തൂർ മുരുകൻകോവിൽ കോളനിയിൽ നിന്നാണ് ഫോർട്ട് പോലീസ് അറസ്റ്റുചെയ്തത്. അറസ്റ്റ്



വിസ തട്ടിപ്പ് കേസിൽ ഫോർട്ട് പോലീസ് അറസ്റ്റ് ചെയ്ത തമിഴ്നാട് കന്യാകുമാരി സ്വദേശി സുധീഷ് ക്രിസ്തുദാസ് (49)

ഒഴിവാക്കുന്നതിനായി ഇയാൾ നിരന്തരം വാസസ്ഥലങ്ങൾ മാറിക്കൊണ്ടിരുന്നത് പോലീസിനെ ഏറെ വലച്ചു. ഫോർട്ട് പോലീസ് അസിസ്റ്റന്റ് കമ്മീഷണർ ശ്രീ പ്രതാപൻ നായർക്ക് കിട്ടിയ രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ പോലീസ് ഇൻസ്പെക്ടർ ശ്രീ രാകേഷ്.ജെ യുടെ നേതൃത്വത്തിൽ സബ്ബ് ഇൻസ്പെക്ടർമാരായ സജു എബ്രഹാം, വിമൽ, സെൽവിയസ് , സി.പി.ഒ മാരായ ബിനു, സാബു എന്നിവരടങ്ങിയ സംഘമാണ് ചെന്നൈയിൽ നിന്നും പ്രതിയെ അറസ്റ്റ് ചെയ്തത്.

## കവർച്ചാ കേസ്സിലെ പ്രതി പിടിയിൽ

തിരുവനന്തപുരം:- നരുവാമൂട് പോലീസ് സ്റ്റേഷൻ കവർച്ച കേസ്സിലെ പ്രതി നേമം പോലീസിന്റെ പിടിയിലായതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. പള്ളിച്ചൽ ഇടയ്ക്കോട് അരശുവിള പുത്തൻ വീട്ടിൽ പ്രകാശ് (24)-നെയാണ് നേമം പോലീസ് പിടികൂടി നരുവാമൂട് പോലീസിന് കൈമാറിയത്. വെള്ളായണിയിലുള്ള ശ്യാംരാജിനെ, പ്രതി ബൈക്കിൽ കയറ്റിക്കൊണ്ട് പോയി നരുവാമൂട് ഭാഗത്ത് വച്ച് മാല പിടിച്ച് പറിച്ചശേഷം ബൈക്കിൽ രക്ഷപ്പെടുകയായിരുന്നു. നേമം എസ്.എച്ച്.ഒ-യ്ക്ക് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ നേമം പോലീസ് സംഘം സമയോജിതമായി സ്ഥലത്തെത്തി നടത്തിയ അന്വേഷണത്തിൽ പ്രതിയെക്കുറിച്ചുള്ള സൂചനകൾ ലഭിക്കുകയായിരുന്നു. തുടർന്ന് നേമം എസ്.എച്ച്.ഒ-യുടെ



നേമം പോലീസ് അറസ്റ്റ് ചെയ്ത
പ്രകാശ് (24)

നേതൃത്വത്തിലുള്ള പോലീസ് സംഘം മാല പിടിച്ചു പറിച്ച് രക്ഷപ്പെട്ട പ്രതിയെ ഒളിത്താവളത്തിൽ നിന്നും കൈയ്യോടെ പിടികൂടുകയായിരുന്നു. എസ്.എച്ച്.ഒ അനൂപ് കൃഷ്ണ, സി.പി.ഒ-മാരായ ബൈജു, ഉണ്ണികൃഷ്ണൻ എന്നിവരാണ് അന്വേഷണത്തിനും അറസ്റ്റിനും നേതൃത്വം നൽകിയത്. അറസ്റ്റ് ചെയ്ത പ്രതിയെ നരുവാമൂട് എസ്.ഐ-യുടെ നേതൃത്വത്തിലുള്ള പോലീസിന് കൈമാറി.

## കോവിഡ് സുരക്ഷാ കേസ് വിവരം

തിരുവനന്തപുരം നഗരത്തിൽ പോലീസ് ഇന്നലെ (20.11.2020) നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 84 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 14 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 61 പേരിൽ നിന്നും സാമൂഹിക അകലം പാലിക്കാത്ത 2 പേരിൽ നിന്നുമായി 31,500/- രൂപ പിഴ ഈടാക്കി. കൂടാതെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ സർവ്വീസ് നടത്തിയ 7 വാഹനങ്ങൾക്കെതിരെയും ഇന്നലെ നിയമനടപടി സ്വീകരിച്ചു.

തിരുവനന്തപുരം സിറ്റി
20-11-2020

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി